"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.95/ഡിസി.1/2021/തസ്വഭവ

തദ്ദേശ സ്വയം ഭരണ (ഡി.സി.) വകുപ്പ്
തിരുവനന്തപുരം,
തീയതി: 29/11/2021

<u>സർക്കുലർ</u>

വിഷയം:- കോവിഡ് 19 - രണ്ടാംഘട്ട വാക്സിൻ വിതരണം - കോവിഡ് വാക്സിനേഷൻ നടത്താത്തവരെ കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾ - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടികൾ - നിർദ്ദേശം പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന കോവിഡ് അവലോകനയോഗ തീരുമാനം.

**********************

കോവിഡ് വ്യാപനം കുറഞ്ഞിരിക്കുകയാണെങ്കിലും വ്യാപനത്തോത് പരമാവധി കുറച്ചുനിറുത്തേണ്ടതുണ്ട്. അതിന് രണ്ടാം ഡോസ് വാക്സിൻ നിർബന്ധമായും എടുക്കേണ്ടതുണ്ട്. എന്നാൽ സംസ്ഥാനത്ത് രണ്ടാം ഡോസ് കോവിഡ് വാക്സിനേഷൻ യഥാസമയം എടുക്കാതിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോവിഡ് രണ്ടാം ഡോസ് വാക്സിനേഷൻ എടുക്കാത്തവരെ കണ്ടെത്തി വാക്സിനേഷൻ നല്കുന്നതിനുള്ള പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പും ആരോഗ്യ വകുപ്പും യോജിച്ച് വാർഡ് തലത്തിൽ ക്യാമ്പയിനായി സംഘടിപ്പിക്കുന്നതിന് ആരോഗ്യ വകുപ്പിന്റെ സമ്മതത്തോടെ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

- തദ്ദേശസ്വയംഭരണ സ്ഥാപനതല കോർ ഗ്രൂപ്പ്, ചുമതലയുള്ള മെഡിക്കൽ ഓഫീസറുടെ പങ്കാളിത്തതോടെ യോഗം ചേർന്ന് രണ്ടാം ഡോസ് വാക്സിനേഷൻ നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം നടത്തേണ്ടതാണ്.
- പ്രവർത്തനങ്ങൾ ആസൂതണം ചെയ്യുമ്പോൾ പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:

  1. രണ്ടാം ഡോസ് വാക്സിനേഷൻ നടത്താൻ ശേഷിച്ചവരുടെ പട്ടിക തയ്യാറാക്കേണ്ടതാണ്. ഓരോ ആശ വർക്കറും അവരവരുടെ പ്രദേശത്ത് രണ്ടാമത്തെ ഡോസ് കിട്ടേണ്ടതായ ജനവിഭാഗത്തിന് മുൻഗണന പട്ടിക തയ്യാറാക്കുകയും ഇവർക്ക് വാക്സിൻ ലഭ്യമാക്കുന്നതിന് സഹായിക്കേണ്ടതുമാണ്.

  2. പട്ടികയിൽ നിന്ന് രണ്ടാം ഡോസ് വാക്സിനേഷന് due ആകുന്ന മുറ പ്രകാരം മുൻഗണനാ പട്ടിക തയ്യാറാക്കി തദ്ദേശ സ്ഥാപനതലത്തിൽ വാക്സിനേഷൻ ക്യാമ്പുകൾ ആരോഗ്യ വകുപ്പുമായി ചേർന്ന് സംഘടിപ്പിക്കേണ്ടതാണ്. മോണിട്ടറിങ് സമിതിയുടെ

നേതൃത്വത്തിൽ വോളണ്ടിയർമാരെ സജ്ജീകരിപ്പിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതാണ്.

3 . വാക്സിൻ ഒന്നാം ഡോസ് സ്വീകരിച്ചവരുടെ മുൻഗണനാ പട്ടിക തയ്യാറാക്കേണ്ടതാണ്. ഇതിൽ മുൻഗണനാ പട്ടിക തയ്യാറാക്കേണ്ട മാനദണ്ഡം വാക്സിൻ രണ്ടാം ഡോസ് സ്വീകരിക്കുന്നതിനുള്ള നിശ്ചിത കാലയളവ് മാത്രമായിരിക്കണം.

4. കോവിഷീൽഡിന്റെ കാര്യത്തിൽഒന്നാം ഡോസ് വാക്സിൻ ലഭിച്ച 16 ആഴ്ചയ്ക്ക് മുകളിലുള്ളവർ, 14-16 ആഴ്ചയ്ക്ക് ഇടയിലുള്ളവർ തുടർന്ന് 12-14 ആഴ്ചയ്ക്കിടയിലുള്ളവർ എന്നിങ്ങനെ മുൻഗണനാ പട്ടിക തയ്യാറാക്കി പരിഗണന നൽകണം. കോവാക്സിന്റെ കാര്യത്തിൽ, 6 ആഴ്ചയ്ക്ക് മുകളിലുള്ളവർ, 5-6 ആഴ്ചയ്ക്കിടയിലുള്ളവർ, 4-5 ആഴ്ചയ്ക്കിടയിലുള്ളവർ എന്നിങ്ങനെ മുൻഗണന നിശ്ചയിക്കണം.

5. നഗരപ്രദേശങ്ങളിൽ ഒരു വാർഡിന് ഒരു ആശാ പ്രവർത്തകർ മാത്രമുള്ള ഇടങ്ങളിൽ ഇതിനായി പ്രത്യേക ചുമതലക്കാരെ (RRT) കണ്ടുപിടിച്ച് ഉത്തരവാദിത്വം ഏൽപ്പിക്കേണ്ടതുണ്ട്; ഈ കണ്ടുപിടിക്കുന്ന ആൾക്കാർ ഫ്ലാറ്റുകളുടെ ചുമതലക്കാർ, റസിഡൻസ് അസോസിയേഷൻ ഭാരവാഹികൾ, ചേരി പ്രദേശങ്ങളിൽ ഏറ്റവും കൂടുതൽ സ്വാധീനം ചെലുത്താൻ കഴിയുന്നവർ, ആരോഗ്യ സേനാംഗങ്ങൾ എന്നിങ്ങനെ ഏറ്റവും കഴിവുറ്റ, അർപ്പണബോധമുള്ളവരെ ആയിരിക്കണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കണ്ടെത്തി നിയോഗിക്കേണ്ടത്.

6 . തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഈ പ്രക്രിയയിൽ സഹായിക്കാനായി കണ്ടെത്തുന്ന സന്നദ്ധപ്രവർത്തകരെ കൃത്യമായ ഉത്തരവാദിത്വബോധത്തോടു കൂടി മെഡിക്കൽ ഓഫീസറുമായി ബന്ധപ്പെടുത്തേണ്ടതാണ്.

- അർഹതപ്പെട്ട എല്ലാവർക്കും രണ്ടാം ഡോസ് വാക്സിനേഷൻ കിട്ടി എന്ന് ഉറപ്പുവരുത്തേണ്ടതാണ്.
- ഈ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനതല കോർ ഗ്രൂപ്പ് നിരന്തരം വിലയിരുത്തി സമയപരിധിക്കുള്ളിൽ രണ്ടാം ഡോസ് എടുക്കാത്തവർ ആരുമില്ലെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
- കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി രൂപീകരിക്കപ്പെട്ട വാർഡ് തല സമിതികൾ, ആശാവർക്കർമാർ, സാമൂഹ്യ സന്നദ്ധ പ്രവർത്തകർ, ആർ.ആർ.ടി. അംഗങ്ങൾ തുടങ്ങിയവരെ ഏകോപിപ്പിച്ച് ആരോഗ്യ വകുപ്പുമായി യോജിച്ചുള്ള പ്രവർത്തനം അതത് തദ്ദേശ സ്ഥാപന സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണ്.

ആർ .എസ് .കണ്ണൻ
സ്പെഷ്യൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ആരോഗ്യ വകുപ്പ് ഡയറക്ടർ
ഗ്രാമവികസന കമ്മീഷണർ
എല്ലാ ജില്ലാകളക്ടർമാർക്കും (ശുചിത്വ മിഷൻ മുഖേന )
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ കോർപറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
മാനേജിങ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E/G&SSA/E&RSA) കേരള
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,

(signature)

സെക്ഷൻ ഓഫീസർ.

പകർപ്പ്:-

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി എ യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സി എ യ്ക്ക്